ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 18-06.2024**

## പ്രധാനവാർത്തകൾ

1. **ഇന്ത്യയെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തിയാക്കുന്നതിൽ കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; പി എം കിസാൻ സമ്മാൻ നിധിയുടെ 17 ആം ഗഡു വിതരണോദ്ഘാടനം പ്രധാനമന്ത്രി നിർവഹിച്ചു.**
2. **കേന്ദ്ര സർക്കാർ പിന്തുണയോടെ സംസ്ഥാനത്ത് കാർഷിക മേഖലയുടെ ആധുനികവൽക്കരണം തുടരുകയാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.**
3. **ഗോത്രവർഗ്ഗ കുടുംബ കേന്ദ്രങ്ങളെ കോളനികൾ എന്ന് വിശേഷിപ്പിക്കുന്നത് ഒഴിവാക്കാനുള്ള ചരിത്ര ഉത്തരവുമായി മന്ത്രി കെ. രാധാകൃഷ്ണൻ.**
4. **ട്വൻറി-20 ലോകകപ്പ് സൂപ്പർ EIGHT മത്സരങ്ങൾക്ക് നാളെ തുടക്കം.**
5. **സംസ്ഥാനത്ത് ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത; മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

RNU TVPM

$$$$$$$$$$$$$$$$$$$$$$$$

**പി എം കിസാൻ സമ്മാൻ നിധി**

ഇന്ത്യയെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തിയാക്കുന്നതിൽ കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കർഷകർ, യുവജനങ്ങൾ, പാവപ്പെട്ടവർ, വനിതാ ശാക്തീകരണം തുടങ്ങിയവയാണ് വികസിത ഇന്ത്യയുടെ ശക്തമായ തൂണുകളെന്നും പ്രധാനമന്ത്രി പറഞ്ഞു. പി എം കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവിന്റെ വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 9 കോടി 26 ലക്ഷത്തോളം കർഷകർക്ക് 20,000 കോടിയിലധികം രൂപയാണ് വിതരണം ചെയ്തത്. സ്വയം സഹായ സംഘങ്ങളിലെ 30,000 വനിതാ കർഷകർക്ക് കൃഷി സഖികൾക്കുള്ള സാക്ഷ്യപത്രവും പ്രധാനമന്ത്രി കൈമാറി. ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമിട്ടുള്ളതാണ് കിസാൻ സഖി പരിപാടിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പരിപാടിയിൽ പങ്കെടുത്തു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$

**കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ**

പി എം കിസാൻ പദ്ധതിയുടെ പതിനേഴാം ഗഡു വിതരണത്തോടനുബന്ധിച്ച് കുമരകത്ത് നടന്ന കിസാൻ സമ്മേളനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. കേരളത്തിൽ കേന്ദ്ര സർക്കാർ പിന്തുണയോടെ കാർഷിക

മേഖലയുടെ ആധുനികവൽക്കരണം നടന്നുവരികയാണെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. കേരളത്തിൻ്റെ തീരപ്രദേശങ്ങളിൽ കൃത്രിമ പവിഴപ്പുറ്റുകൾ സൃഷ്ടിച്ച് വൻതോതിൽ മൽസ്യ കൃഷി നടത്തുന്ന പദ്ധതി ഇതിന് ഉദാഹരണമാണെന്ന് അദ്ദേഹം വ്യക്തമാക്കി. മൂല്യവർധിത ഉൽപ്പന്നങ്ങൾ വഴി കർഷകർക്ക് കൃഷി ലാഭകരമാക്കാൻ കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ നൽകുന്ന സേവനം മഹത്താണെന്നും ശ്രീ ജോർജ് കുര്യൻ പറഞ്ഞു.

**$$$$$$$$$$$$$$$$$$$$$$$**

**പ്രധാനമന്ത്രി - സന്ദർശനം**

ഇന്ന് വാരാണസിയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഗംഗ ആരതിയിൽ പങ്കെടുക്കും. കാശി വിശ്വനാഥ ക്ഷേത്രത്തിലും ശ്രീ മോദി ദർശനം നടത്തും. നാളെ ബിഹാർ സന്ദർശിക്കുന്ന പ്രധാനമന്ത്രി, നാളന്ദ സർവകലാശാലയുടെ രാജഗിരിയിലുള്ള ക്യാമ്പസ് ഉദ്ഘാടനം ചെയ്യും. 17 രാജ്യങ്ങളുടെ പ്രതിനിധികൾ ചടങ്ങിൽ പങ്കെടുക്കും.

RNU TVPM

**$$$$$$$$$$$$$$$$$$$$$$$**

**ഉന്നതി -കെ. രാധാകൃഷ്ണൻ**

ഗോത്രവർഗ്ഗ കുടുംബ കേന്ദ്രങ്ങളെ കോളനികൾ എന്ന് വിശേഷിപ്പിക്കുന്നത് ഒഴിവാക്കുമെന്ന് മന്ത്രി കെ. രാധാകൃഷ്ണൻ. ഉന്നതി എംപവർമെൻറ് സൊസൈറ്റി ഓഫീസ് നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നോളജ് സിറ്റി പ്രഖ്യാപനവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾക്ക് കോളനി എന്ന പേര് നൽകുന്നതിന് പകരം എന്തു പേര് വേണമെന്ന് ആ പ്രദേശത്തുള്ളവർക്ക് തീരുമാനിക്കാമെന്നും മന്ത്രി പറഞ്ഞു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ക്ഷേമ പ്രവർത്തനങ്ങൾ മാത്രം നടത്താതെ അവരെ സംരംഭകരാക്കി

വളർത്തുക കൂടിയാണ് ഉന്നതി പദ്ധതിയുടെ ലക്ഷ്യമെന്ന് ശ്രീ കെ.രാധാകൃഷ്ണൻ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

**<u>കെ. രാധാകൃഷ്ണൻ - രാജി</u>**

സംസ്ഥാന പട്ടിക ജാതി - പട്ടിക വർഗ വികസന വകുപ്പ് മന്ത്രി സ്ഥാനവും എം.എൽ എ സ്ഥാനവും കെ. രാധാകൃഷ്ണൻ രാജിവെച്ചു. ആലത്തൂർ മണ്ഡലത്തിൽ നിന്ന് എൽ ഡി എഫ് സ്ഥാനാർത്ഥിയായി ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നാണ് രാജി. നിയമസഭാ സ്പീക്കറുടെ ചേംബറിൽ എത്തിയാണ് അദ്ദേഹം എം.എൽ.എ സ്ഥാനം രാജി വെച്ചത്. 2021-ലെ തിരഞ്ഞെടുപ്പിൽ ചേലക്കരയിൽ നിന്ന് വിജയിച്ചാണ് ശ്രീ കെ രാധാകൃഷ്ണൻ നിയമസഭാംഗമാകുന്നത്. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലെത്തിയാണ് മന്ത്രിസ്ഥാനം ഒഴിയുന്നതിനുള്ള രാജി കത്ത് കൈമാറിയത്.

$$$$$$$$$$$$$$$$$$$$$$

RNUTVPM

**<u>നിയമസഭ നാളെ</u>**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം നാളെ പുനരാരംഭിക്കും. 2024 - 25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും നാളെ നടക്കും. അടുത്ത മാസം 25 വരെ നീളുന്ന സമ്മേളനം ഈ മാസം 10 നാണ് ആരംഭിച്ചത്.

$$$$$$$$$$$$$$$$$$$$$$

**<u>രാജ്യസഭാ സീറ്റ്</u>**

കേരളത്തിൽ നിന്ന് രാജ്യസഭയിലേക്ക് ഒഴിവ് വരുന്ന മൂന്ന് സീറ്റുകളിലേക്കുള്ള സ്ഥാനാർത്ഥികൾ എതിരില്ലാതെ

തിരഞ്ഞെടുക്കപ്പെട്ടു. മുസ്ലീം ലീഗിൻറെ ഹാരിസ് ബീരാൻ, കേരള കോൺഗ്രസ്സ് - എം ൻറെ ജോസ് കെ മാണി, സി പി ഐ യുടെ പി പി സുനീർ എന്നിവരാണ് രാജ്യസഭാ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടത്. ഇത് സംബന്ധിച്ച ഉത്തരവ് നിയമസഭാ വരണാധികാരി പുറത്തിറക്കി. ജൂലൈ ഒന്നിനാണ് നിലവിലെ അംഗങ്ങളുടെ കാലാവധി അവസാനിക്കുന്നത്.

$$$$$$$$$$$$$$$$$$$$$

## വോട്ടർ പട്ടിക

സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും വാർഡ് അടിസ്ഥാനത്തിലുള്ള വോട്ടർ പട്ടികയുടെ പുതുക്കൽ ഈ മാസം പൂർത്തിയാകും. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും ഒരു വാർഡിൽ നിന്നോ പോളിംഗ് സ്റ്റേഷനിൽ നിന്നോ സ്ഥാനമാറ്റം വരുത്തുന്നതിനും sec.kerala.gov.in എന്ന സൈറ്റിൽ ഓൺ ലൈനായി അപേക്ഷ നൽകാം. അപേക്ഷകളും പരാതികളും സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 21ആണ്. 29ന് അപ്ഡേഷൻ പൂർത്തിയാക്കി അടുത്ത മാസം ഒന്നിന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

$$$$$$$$$$$$$$$$$$$$$

## യോഗ -കണ്ണൂർ - ഇൻട്രോ

**ചെറുപ്രായത്തിൽ തന്നെ യോഗ പരിശീലിപ്പിക്കുന്നതിൻറെ പ്രാധാന്യം മനസിലാക്കി യോഗ പാഠ്യവിഷയമാക്കിയിരിക്കുകയാണ് സംസ്ഥാനത്തെ ചില സ്കൂളുകൾ. കണ്ണൂർ ആലക്കോട് അരങ്ങം രാമവർമ്മ രാജ വിദ്യാനികേതൻ സ്കൂൾ ഇതിന് ഉദാഹരണമാണ്.**

RNUTVPM

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്............**

**(വോയിസ്)**

**$$$$$$$$$$$$$$$$$$$$$$$$**

**<u>മൻ കി ബാത്ത്</u>**

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന്. മൻ കീ ബാത്തിൻറെ 111-ാാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും പങ്കുവയ്ക്കാൻ പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു. MyGov ഓപ്പൺ ഫോറത്തിലോ, നമോ മൊബൈൽ ആപ്പിലോ, 1800 11 7800 എന്ന നമ്പറിലോ സന്ദേശങ്ങളും ആശയങ്ങളും അറിയിക്കാം.

RNU TVPM

**$$$$$$$$$$$$$$$$$$$$$$$$**

**<u>സുരേഷ് ഗോപി –¬മൻ കി ബാത്ത്</u>**

മൻ കി ബാത്ത് പ്രതിമാസ റേഡിയോ പരിപാടിയെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൻറെ മൂന്നാം പതിപ്പിന് നാളെ തുടക്കമാകും. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ക്വിസ് മത്സരത്തോടൊപ്പം വായനാദിന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിൻകീഴിലുള്ള നെഹ്റു യുവകേന്ദ്രയാണ് ക്വിസ് മത്സരത്തിൻറെ സംഘാടകർ.

**$$$$$$$$$$$$$$$$$$$$$$$$**

**ഫിഷറീസ്**

ഫിഷറീസിൻ്റെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ കേരളത്തിലെ മൽസ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. തിരുവനന്തപുരം മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ ഉൾപ്പടെ കേരളത്തിൽ നിന്നുള്ള എം പി മാർ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്നും കേന്ദ്ര സഹമന്ത്രി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$

**എൻ ചന്ദ്രശേഖരൻ നായർ**

കേരളത്തിൽ നിന്നുള്ള ആദ്യ വീർചക്ര പുരസ്കാര ജേതാവ് ലഫ്റ്റനൻറ് കേണൽ എൻ ചന്ദ്രശേഖരൻ നായർ അന്തരിച്ചു. 1965ലെ ഇന്തോ- പാക് യുദ്ധത്തിൽ പങ്കെടുത്തതിനാണ് അദ്ദേഹത്തിന് വീർ ചക്ര നൽകി ആദരിച്ചത്. സംസ്കാരം തിരുവന്തപുരം ശാന്തി കവാടത്തിൽ മറ്റന്നാൾ നടക്കും.

RNU TVPM

$$$$$$$$$$$$$$$$$$$$$$

**ട്വൻറി-20**

I C C ട്വൻറി-20 ലോകകപ്പിൻറെ സൂപ്പർ EIGHT മത്സരങ്ങൾക്ക് നാളെ തുടക്കമാകും. അമേരിക്കയും ദക്ഷിണാഫ്രിക്കയും തമ്മിലാണ് ആദ്യ മത്സരം.

$$$$$$$$$$$$$$$$$$$$$$

**മഴ - കേരളം**

സംസ്ഥാനത്ത് ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന്

എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള തീരത്ത് നാളെ രാത്രി ഏഴു വരെയും തമിഴ്നാട് തീരത്ത് നാളെ രാത്രി 11.30 വരെയും ഉയർന്ന തിരമാലയ്ക്ക്

സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

**$$$$$$$$$$$$$$$$$$$$$$**

## മന്ത്രി കെ.രാജൻ

തൃശൂരിൽ കെ എസ് ആർ ടി സി ബസ് ഇടിച്ചു തകർന്ന ശക്തൻ തമ്പുരാൻ്റ പ്രതിമ രണ്ടു മാസത്തിനകം പുതുക്കി പണിയുമെന്ന് റവന്യൂ മന്ത്രി കെ.രാജൻ. പുന:നിർമ്മാണത്തിൻ്റെ പകുതി ചെലവ് കെ എസ് ആർ ടി സി വഹിക്കാമെന്ന് മന്ത്രിതലത്തിൽ നടത്തിയ ചർച്ചയിൽ ധാരണയായി. പകുതി ചെലവ് എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിക്കുമെന്ന് പി.ബാലചന്ദ്രൻ എം എൽ എ പറഞ്ഞു. പ്രതിമ നിർമ്മിച്ച ശിൽപി കുന്നുവിള എം.മുരളിയുടെ നേതൃത്വത്തിൽ തന്നെയാണ് പുനഃ നിർമ്മാണം.

RNU TVPM

**$$$$$$$$$$$$$$$$$$$$$$**

## കരുവന്നൂർ ബാങ്ക് തട്ടിപ്പ്

കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ അറസ്റ്റിൽ ആയ വടക്കാഞ്ചേരി മുനിസിപ്പൽ കൗൺസിലർ പി ആർ അരവിന്ദാക്ഷന് ഹൈക്കോടതി ഇടക്കാല ജാമ്യം അനുവദിച്ചു. മകളുടെ വിവാഹത്തിൽ പങ്കെടുക്കാനായി 10 ദിവസത്തേക്കാണ് ജാമ്യം അനുവദിച്ചത്. ജാമ്യം നൽകുന്നതിനെ എൻഫോഴ്സ്മെൻ്റ് ഡയറക്ടറേറ്റ് എതിർത്തില്ല.

$$$$$$$$$$$$$$$$$$$$$

**<u>കാക്കനാട് - വീണാ ജോർജ്</u>**

കൊച്ചി കാക്കനാടുള്ള ഫ്ളാറ്റിൽ താമസിക്കുന്നവർക്ക് വയറിളക്കവും ഛർദിയും ഉണ്ടായ സാഹചര്യം ഗൗരവമുള്ള വിഷയമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പൊതുജനാരോഗ്യ സംരക്ഷണ നിയമ പ്രകാരം തുടർനടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ആരോഗ്യ വകുപ്പിൻറെ പ്രത്യേക സംഘം സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു. ഫ്ളാറ്റിലെ കുടിവെള്ളത്തിൻറെ എല്ലാ സ്രോതസുകളും പരിശോധിക്കുമെന്നും പ്രദേശത്ത് ബോധവത്ക്കരണം ശക്തിപ്പെടുത്തുമെന്നും മന്ത്രി വ്യക്തമാക്കി. ഫ്ലാറ്റ് സമുച്ചയത്തിലെ 300 ലധികം പേർക്കാണ് ചർദ്ദിയും വയറിളക്കവും ഉണ്ടായത്.

$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$

$$$$$$$$

$$$$

$

RNJ TVPM